കോഴിക്കോട് ജില്ലയിൽ എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ ഒരു ക്ഷേത്രത്തിനും 2003-04 വർഷത്തേക്ക് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിച്ചിട്ടില്ല.

2004-2005 വർഷം ജീർണ്ണോദ്ധാരണ പ്രവൃത്തിക്ക് വകയിരുത്തിയ 50 ലക്ഷം രൂപ നൽകുന്നതിന് അർഹമായ ക്ഷേത്രങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കലയനാട് വഴിയോര വിശ്രമകേന്ദ്രം

87 [1984] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂരിൽ കലയനാട് വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ എന്നാണ് പൂർത്തിയായത്; ടെണ്ടർ തുക എത്രയാണ്; നിർമ്മാണ കാലാവധി എത്രയാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) സമയപരിധിക്കുള്ളിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെണ്ടർ നടപടി പൂർത്തിയായത് 10-10-2003-ൽ ആണ്. ടെണ്ടർ തുക—57,61,065 രൂപ. നിർമ്മാണ കാലാവധി—18 മാസം.

(ബി) ഇല്ല. ഉറപ്പില്ലാത്ത മണ്ണായതിനാൽ പൈൽ ഫൗണ്ടേഷൻ വേണ്ടിവന്നു. വെള്ളം കയറുന്ന സ്ഥലമായതിനാൽ സ്ഥലം മണ്ണിട്ട് ഉയർത്തേണ്ടതും തോടിന്റെ സൈഡിൽ ഭിത്തി നിർമ്മിക്കേണ്ടതായും വന്നു. ഇതാണ് കാലതാമസം നേരിടാൻ കാരണം.

(സി) ഉടനടി പൂർത്തിയാക്കുന്നതാണ്.

മാവേലിക്കര താമരക്കുളം വയ്യാങ്കര ചിറയിലെ ടൂറിസം പദ്ധതി

88 [1985] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര, താമരക്കുളം വയ്യാങ്കര ചിറയിലെ ടൂറിസം പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പാക്കാൻ കഴിയും;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly